**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **10-03-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ തസ്തിക പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബർ തസ്തിക പുനർനാമകരണം ചെയ്യണമെന്ന് ശമ്പളകമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ഏതൊക്കെ തസ്തികയുടെ പുനർനാമകരണമാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ആയതിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ; | (എ) | പതിനൊന്നാം ശമ്പള കമ്മീഷൻ ജല അതോറിറ്റിയിലെ ,<br><br>1) അസിസ്റ്റന്റ് ഷിഫ്റ്റ് ഓപ്പറേറ്റർ, മെക്കാനിക്കൽ ഓപ്പറേറ്റർ, ഷിഫ്റ്റ് ഓപ്പറേറ്റർ, പമ്പ് ഓപ്പറേറ്റർ, ഓപ്പറേറ്റർ എന്നീ തസ്തികകളെ സംയോജിപ്പിച്ച് ഓപ്പറേറ്റർ ആയും,<br><br>2) ഓവർസീയർ ഗ്രേഡ് I/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ; ഓവർസീയർ ഗ്രേഡ് II/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II ; ഓവർസീയർ ഗ്രേഡ് III/ട്രേസർ എന്നീ തസ്തികകളെ യഥാക്രമം സബ് എഞ്ചിനീയർ ; ഓവർസീയർ ഗ്രേഡ് I/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ; ഓവർസീയർ ഗ്രേഡ് II/ ട്രേസർ ആയും,<br><br>3) പ്ലംബർ തസ്തിക ജൂനിയർ പ്ലംബിംഗ് ഇൻസ്പെക്ടർ ആയും, പുനർ നാമകരണത്തിന് ശുപാർശ ചെയ്തിരുന്നുവെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിൽ തസ്തികകൾ ഒന്നും തന്നെ പുനർ നാമകരണം ചെയ്തു നൽകിയിട്ടില്ല. |
| (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ നടപ്പാക്കി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിലൂടെ എത്ര തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് സൗകര്യാർത്ഥം എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയെ ഡെപ്യൂട്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയായും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയെ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായും, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 തസ്തികയെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1/സബ് എഞ്ചിനീയർ ആയും തുല്യതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തസ്തിക പുനർനാമകരണം നടപ്പിലാക്കിയതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | തസ്തിക പുനർ നാമകരണം നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ